# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം.47564/AD A3/4/2019/ADMIN തീയതി. 03.03.2020

ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികളിൽ നിന്നും, ഒ.ഇ.സി.ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും ഫീസ് മുൻകൂർ ഈടാക്കുന്നത് അവസാനിപ്പിക്കാൻ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകിയും, പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്ന് അർഹതയുള്ള മറ്റ് വിഭാഗം വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്റ്റൈപ്പന്റ് കോളേജ് / സ്ഥാപന അധികൃതർ വിദ്യാർത്ഥികൾക്ക് നൽകാതെ ന്യായവിരുദ്ധമായി ഉപയോഗിക്കുന്നുവെന്ന ആരോപണം ശരിയാണെന്ന് ബോധ്യമായാൽ പോലീസ് വിജിലൻസ് സെല്ലിനെ അറിയിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയും സർക്കാർ സ.ഉ.(സാധാ)നം. 126/2019/പി.വി.വി.വ. തീയതി, 21.11.2019 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ്, മിനിറ്റ്സ് ഇനം നം. 169/20.01/DDFS-47564/2019 തീയതി 15.02.2020 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

PREMKUMAR R
ASSISTANT REGISTRAR I (ADMIN)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ./ഐ.ക്യു.എ.സി./സി.എം.എസ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
7. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/ഓഡിറ്റ് 1/5
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5/എഡി സി.1/2/3
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

Draft #2 of File 47564/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 03-Mar-2020 04:34 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക വിഭാഗ വികസനം - ഒ.ഇ.സി. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ - ദിനേശൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള തുടർ നടപടികൾക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

## പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(സാധാ)നം.126/2019/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 21.11.2019.

==========================================================

പരാമർശം:- 1. 20.02.2018 -ലെ സ.ഉ.(കൈ)നം. 55/2018/ഉ.വി.വ.
2. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 21.08.2019 -ലെ ബി.സി.ഡി.ഐ.ആർ/ബി2/303/2019 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ദിനേശൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ 20 -ൽ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്റ്റൈപ്പന്റ് കോളേജ് / സ്ഥാപന അധികൃതർ വിദ്യാർത്ഥികൾക്ക് നൽകാതെ ന്യായ വിരുദ്ധമായി ഉപയോഗിക്കുന്നതായും ഇതേക്കുറിച്ച് അന്വേഷിച്ച് പ്രഥമ ദൃഷ്ട്യാ ബോധ്യമായാൽ പോലീസ് വിജിലൻസിനെ അറിയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികളിൽ നിന്നും, ഒ.ഇ.സി.യ്ക്ക് തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും ഫീസ് മുൻകൂർ ഈടാക്കുന്നത് അവസാനിപ്പിക്കുവാൻ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകിയും ഇത്തരം ആരോപണം ശരിയാണെന്ന് പ്രഥമ ദൃഷ്ട്യാ ബോധ്യമായാൽ പോലീസ് വിജിലൻസ് സെല്ലിനെ അറിയിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ വകുപ്പ് (ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുന്നതിനായി)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.